പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപുമായി ടെലിഫോൺ സംഭാഷണം നടത്തി

പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി ഇന്ന് അമേരിക്കൻ പ്രസിഡന്റ് ശ്രീ. ഡൊണാൾഡ് ട്രംപുമായി ടെലിഫോൺ സംഭാഷണം നടത്തി.

2. വ്യാപാരം, പ്രതിരോധം, ഊർജ്ജം, നിർണായക സാങ്കേതികവിദ്യകൾ, പരസ്പര താൽപ്പര്യമുള്ള മറ്റ് മേഖലകൾ എന്നിവയിലുടനീളമുള്ള ഉഭയകക്ഷി സഹകരണത്തിലെ പുരോഗതി ഇരു നേതാക്കളും വിലയിരുത്തി.

3. ഇന്ത്യ-യുഎസ് സമഗ്ര ആഗോള തന്ത്രപരമായ പങ്കാളിത്തം മുന്നോട്ട് കൊണ്ടുപോകാനുള്ള തങ്ങളുടെ പ്രതിജ്ഞാബദ്ധത അവർ ആവർത്തിക്കുകയും ഇരുരാജ്യങ്ങളിലെയും ജനങ്ങളുടെ പ്രയോജനത്തിനായി സഹകരണം കൂടുതൽ ആഴത്തിലാക്കുന്നതിന് അടുത്ത ബന്ധം നിലനിർത്താമെന്ന് സമ്മതിക്കുകയും ചെയ്തു.

4. പ്രാദേശികവും അന്തർദ്ദേശീയവുമായ സംഭവവികാസങ്ങളെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ നേതാക്കൾ കൈമാറി, ആഗോള സമാധാനവും സുരക്ഷയും പ്രോത്സാഹിപ്പിക്കുന്നതിനുള്ള നിലവിലെ ശ്രമങ്ങളും ചർച്ച ചെയ്തു.

5. സമ്പർക്കത്തിൽ തുടരാമെന്ന് ഇരു നേതാക്കളും സമ്മതിച്ചു.

ന്യൂഡൽഹി

സെപ്റ്റംബർ 30, 2026